(സി) മൂന്നുവർഷം കഴിഞ്ഞ് 6 മാസത്തിലൊരിക്കൽ പരോൾ അനുവദിക്കുന്ന നടപടിക്രമം നിലവിലുണ്ടോ ;

(ഡി) ഇപ്രകാരം എല്ലാവർക്കും പരോൾ നൽകിവരുന്നുണ്ടോ ?

ഉത്തരം

(എ) 1385 പേർ ഉണ്ട്.

(ബി) തടവുകാർക്ക് പരോൾ അനുവദിക്കുന്നത് 1958-ലെ കേരള ജയിൽ ചട്ടങ്ങളിലെ 452 മുതൽ 457 വരെയുള്ള ചട്ടങ്ങൾ അനുസരിച്ചാണ്.

(സി) മൂന്നുവർഷം കഴിഞ്ഞ് 6 മാസത്തിലൊരിക്കൽ വ്യവസ്ഥാപിതമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് അവധി നൽകുന്നതിന് ചട്ടങ്ങൾ നിലവിലുണ്ട്.

(ഡി) അവധി അനുവദിക്കുന്നതിന് അർഹമായ കാരണങ്ങൾ വ്യവസ്ഥാപിതമായി തെളിയിക്കപ്പെട്ടാൽ മാത്രമാണ് അവധി നൽകുന്നത്.

കുട്ടികളുടെ കേസ് തീർപ്പ് കൽപ്പിക്കാൻ കോടതി

716 [1168] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സയേം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികളുടെ കേസ് കേട്ട് തീർപ്പ് കൽപ്പിക്കുന്നതിന് പ്രത്യേക കോടതികൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അവ എവിടെയൊക്കെ ആണെന്നും പ്രസ്തുത കോടതികളിലെ ഓണററി മജിസ്ട്രേട്ടുമാർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(സി) ഓണററി മജിസ്ട്രേട്ടുമാർക്ക് പ്രതിമാസം എത്ര രൂപവീതമാണ് ഓണറേറിയം നൽകുന്നത് ;

(ഡി) ഈ ഇനത്തിൽ ഓണററി മജിസ്ട്രേട്ടുമാർക്ക് കുടിശ്ശിക കൊടുത്ത് തീർക്കാൻ ബാക്കിയുണ്ടോ ; ഉണ്ടെങ്കിൽ, എവിടെയൊക്കെ, എത്രവീതമെന്ന് അറിയിക്കാമോ ;

(ഇ) ഈ കുടിശ്ശിക കൊടുത്തുതീർക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയെന്തെന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം പാലക്കാട്, തൃശ്ശൂർ മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ കുട്ടികളുടെ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഈ കോടതികളിലെ ഓണററി മജിസ്ട്രേട്ടുമാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു, †

(സി) ഓണററി മജിസ്ട്രേട്ടുമാർക്ക് ഓണറേറിയം നൽകുന്നില്ല. എന്നാൽ കോടതിയിൽ ഹാജരാകുന്ന ദിവസങ്ങളിൽ ക്ലാസ് I ഉദ്യോഗസ്ഥനുവദനീയമായ ദിനബത്തയുടെ പകുതിയും, യാത്രാബത്തയും നൽകിവരുന്നുണ്ട്.

(ഡി) എല്ലാപേർക്കും കൂടി 56,100 രൂപ ടി ഇനത്തിൽ കുടിശ്ശിക നൽകാനുണ്ട്. എവിടെയൊക്കെ ആർക്കൊക്കെ എന്നുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) ഉണ്ട്. 1986-87 വർഷത്തെ ബഡ്ജറ്റ് വിഹിതമായ 5,000 രൂപക്ക് പുറമേ 17-10-1986-ലെ സർക്കാർ ഉത്തരവുപ്രകാരം 20,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

 77298

(1)	(2)
9. പുനങ്ങോട്	എറണാകുളം സിറ്റി
10. കോടനാട്	എറണാകുളം റൂറൽ
11. പുത്തൻവേലിക്കര	"
12. വെറ്റിലപ്പാറ	തൃശ്ശൂർ
13. പെരുവണ്ണാമൂഴി	കോഴിക്കോട് റൂറൽ
14. തിരുവള്ളൂർ/മേപ്പയൂർ	"
15. വെള്ളരിക്കുണ്ട്	കാസർകോട്

ഇതിനുപുറമെ പോലീസ് സേനാ പുനസംഘടനയോടനുബന്ധിച്ച് മലപ്പുറം ജില്ലയിൽ രണ്ടിടത്തും, ഇടുക്കി ജില്ലയിൽ രണ്ടിടത്തും പോലീസ് സ്റ്റേഷനുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (1168) കാണുക]

സംസ്ഥാനത്തെ കുട്ടികളുടെ കോടതികൾ	ഓണററി മജിസ്ട്രേട്ടുമാരുടെ പേര് വിവരം
1. തിരുവനന്തപുരം	1. ശ്രീ. വി. കൃഷ്ണൻനായർ 2. ശ്രീമതി ഗോമതി നായർ
2. ആലപ്പുഴ	1. ശ്രീ. കെ. സി. മുഹമ്മദ്കുഞ്ഞ് 2. ശ്രീമതി കമലാ രാമനാഥൻ
3. കോട്ടയം	1. ശ്രീ. ജ്ഞാനേശ്വരൻപിള്ള 2. ശ്രീമതി വസുമതി അമ്മ
4. ഇടുക്കി	1. ശ്രീ. കെ. ജെ. ജോസഫ് 2. ശ്രീമതി കുസുമം ജോസഫ്
5. എറണാകുളം	1. ശ്രീ. എ. കെ. ചിന്നൻ 2. ശ്രീമതി ഭവാനി കൃഷ്ണൻ
6. തൃശ്ശൂർ	1. ശ്രീ. എ. എസ്. ദിവാകരൻ 2. പ്രൊഫസർ ലക്ഷ്മിക്കുട്ടിയമ്മ
7. പാലക്കാട്	1. ശ്രീ. രാമകൃഷ്ണകുമാർ 2. ശ്രീമതി ടി. ജെ. മേരി
8. മലപ്പുറം	1. ശ്രീ. കെ. എ. ജബ്ബാർ 2. ശ്രീമതി പി. എൻ. വൽസലാ കുമാരി
9. കോഴിക്കോട്	1. ശ്രീ. പി. പി. ഉമ്മർകോയ 2. ശ്രീമതി വിജയ ഡി. നായർ
10. കണ്ണൂർ	1. ശ്രീ. വി. വി. വിജയൻ 2. ശ്രീമതി എം. സി. പ്രമീള

LIBRARY ARCHIVES Kerala Legislative Assembly

ഡി വിഭാഗം ചോദ്യത്തിനുള്ള മറുപടിയിൽ പറയുന്ന അനുബന്ധം

	കോടതിയുടെ പേര്		ഓണററി മജിസ്ട്രേട്ടുമാരുടെ പേര്	കൊടുക്കേണ്ട തുക
1.	തിരുവനന്തപുരം	1.	ശ്രീ. വി. കൃഷ്ണൻനായർ	6,904.00
		2.	ശ്രീമതി ഗോമതി നായർ	980.00
2.	ആലപ്പുഴ	1.	ശ്രീമതി കമലാരാമനാഥൻ	7,920.00
		2.	ശ്രീ. കെ. സി. മുഹമ്മദ്കുഞ്ഞ്	5,928.00
3.	കോട്ടയം	1.	ശ്രീ. ജ്ഞാനേശ്വരൻപിള്ള	4,666.00
		2.	ശ്രീമതി എ. കെ. വസുമതിഅമ്മ	1,240.00
4.	തൃശ്ശൂർ	1.	ശ്രീ. എ. എസ്. ദിവാകരൻ	1,540.00
		2.	ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മ	2,200.00
5.	മലപ്പുറം	1.	ശ്രീ. കെ. എ. ജബ്ബാർ	1,000.00
		2.	ശ്രീമതി പി. എൻ. വൽസലാകുമാരി	2,545.00
6.	കോഴിക്കോട്	1.	ശ്രീ. പി. പി. ഉമ്മർകോയ	2,000.00
		2.	ശ്രീമതി വിജയ ഡി. നായർ	975.00
7.	കണ്ണൂർ	1.	ശ്രീ. വി. വി. വിജയൻ	8,756.00
		2.	ശ്രീമതി എം. സി. പ്രമീള	9,446.00
			ആകെ രൂപ	56,100.00

LIBRARY ARCHIVES Kerala Legislative Assembly